manoramaonline

# ഡാലസിൽ റിപ്പബ്ലിക് ദിനാഘോഷം സംഘടിപ്പിച്ചു

Tuesday 30 January 2018 04:47 PM IST



ഡാലസ്● റിപ്പബ്ലിക് ദിനാഘോഷങ്ങൾ വിവിധ പരിപാടികളോടെ ഡാലസിൽ ആഘോഷിച്ചു. മഹാത്മാഗാന്ധി മെമ്മോറിയൽ ഓഫ് നോർത്ത് ടെക്സാസിന്റെ ആഭിമുഖ്യത്തിൽ ജനുവരി 26 ന് സംഘടിപ്പിച്ച ആഘോഷങ്ങളിൽ ഡാലസ് ഫോർട്ട് മെട്രോ പ്ലെക്സിൽ നിന്നും കുട്ടികൾ ഉൾപ്പെടെ നിരവധി ആളുകൾ പങ്കെടുത്തു.



ആഘോഷങ്ങളുടെ ഭാഗമായി ചേർന്ന സമ്മേളനത്തിൽ എംജിഎംഎൻറ്റി ചെയർമാൻ ഡോ. പ്രസാദ് തോട്ടക്കൂറ അധ്യക്ഷത വഹിച്ചു. ദേശീയ ഗാനാലാപനത്തോടെ തുടക്കമിട്ട ചടങ്ങിൽ പങ്കെടുക്കാനെത്തിയവരെ സംഘടനാ സെക്രട്ടറി റാവു കൽവാല സ്വാഗതം ചെയ്തു.



ബോർഡ് ഓഫ് ഡയറക്ടേഴ്സ് കമാൽ, ശബ്നം , ശ്യം പ്രസാദ് തുടങ്ങിയവർ പ്രസംഗിച്ചു.